Draft #1 of File 3270/3/2022/Elen/(Sub file) -Request From JINEESHA RAJAN Approved by ASSISTANT REGISTRAR II (ACADEMIC) on 16-Nov-2022 02:20 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലാ അധികാര പരിധിക്കുള്ളിലുള്ള കോളേജുകളിലെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് - വിവിധ കോഴ്സുകളിൽ പഠിക്കുന്ന സ്ഥാനാർത്ഥികളാകുന്ന വിദ്യാർത്ഥികളുടെ പ്രായ പരിധി - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

---

**ഇലക്ഷൻ സെക്ഷൻ**

നമ്പർ. 11651/Election/2022/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 16.11.2022

---

*പരാമർശം:*-01. 19.02.2022 ലെ 1738/ACL/2022/MGU നമ്പർ സർവ്വകലാശാലാ ഉത്തരവ്.
02. 23.02.2022 ലെ 1940/ACL/2022/MGU നമ്പർ സർവ്വകലാശാലാ ഉത്തരവ്.
03. ശ്രീമതി. ജിനീഷ രാജൻ, ചെയർപേഴ്സൺ, മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ 2021 - 22 ,സർവ്വകലാശാലയിൽ 11.11.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
04. 15.11.2022 ലെ ബഹു. വൈസ് ചാൻസലറുടെ ഫയൽ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലാ അധികാര പരിധിക്കുള്ളിലുള്ള കോളേജുകളിലെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകുന്ന ബി.എഡ്, എൽ.എൽ.ബി (3, 5 വർഷം) കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഉയർന്ന പ്രായ പരിധി സംബന്ധിച്ച് സൂചന (01), (02) പ്രകാരമുള്ള റെഗുലേഷനിലെ പാർട്ട് A, റെഗുലേഷൻ 21.5 (ii) ൽ നിലനിൽക്കുന്ന ആശയക്കുഴപ്പം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സൂചന 03 പ്രകാരം ശ്രീമതി. ജിനീഷ രാജൻ (ചെയർപേഴ്സൺ, മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ 2021 - 22) 11.11.2022 തീയതിയായി അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച്, വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിമാരാകുന്നതിനുള്ള ഉയർന്ന പ്രായ പരിധി നിശ്ചയിച്ചിരിക്കുന്നത് ഒരു കോഴ്സിന് ചേരുവാൻ വേണ്ട കുറഞ്ഞ പ്രായത്തിന്റെകൂടെ ടി കോഴ്സിൻറെ കാലദൈർഘ്യവും കൂടെ രണ്ട് വർഷവും കൂടി കണക്കാക്കി ആണെന്നും, ആയതിൻപ്രകാരം വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഉയർന്ന പ്രായ പരിധി താഴെ പറയും പ്രകാരമാണെന്നും ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു:

| **കോഴ്സ്** | **കോഴ്സിൻറെ യോഗ്യത** | **കോഴ്സിൻറെ കാലാവധി** | **കോഴ്സ് പൂർത്തിയാകുമ്പോൾ ഉള്ള കുറഞ്ഞ പ്രായം** | **സ്ഥാനാർത്ഥിയാകുന്നതിനുള്ള ഉയർന്ന പ്രായ പരിധി** |
|---|---|---|---|---|
| ബിരുദം | +2 | 3 വർഷം | 20 | 22 |
| ബിരുദാനന്തര ബിരുദം | ബിരുദം | 2 വർഷം | 22 | 24 |
| ഗവേഷണം | ബിരുദാനന്തര ബിരുദം | 3 - 4 വർഷം | 26 | 28 |
| ബി. എഡ് | ബിരുദം | 2 വർഷം | 22 | 24 |
| എൽ.എൽ.ബി | ബിരുദം | 3 വർഷം | 23 | 25 |
| | +2 | 5 വർഷം | 22 | 24 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

01. ശ്രീമതി. ജിനീഷ രാജൻ, ചെയർപേഴ്സൺ, മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ 2021 - 22.
02. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാർ.
03. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
04. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.
05. ജോയിൻറ് രജിസ്ട്രാർ II (ഭരണം)/ ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക്) / അസിസ്റ്റൻറ് രജിസ്ട്രാർ II (അക്കാദമിക്).
06. ഡി.എസ്.എസ്/ പി.ആർ.ഒ.
07. കണ്ടൻറ് മാനേജ്മെൻറ്/ ലെജിസ്ലേഷൻ വിഭാഗങ്ങൾ.
08. കരുതൽ ഫയൽ/ ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #1 of File 3270/3/2022/Elen/(Sub file) -Request From JINEESHA RAJAN  Approved by ASSISTANT REGISTRAR II  (ACADEMIC) on 16-Nov-2022 02:20 PM - Page 2